# കാട്ടിലെ എ.ടി.എം

റെജി മലയാലപ്പുഴ

കുട്ടൻ മുയല് ബേങ്ക് തുടങ്ങി
കാടിൻ നടുവിൽ എ.ടി.എം
ഗൾഫിൽ നിന്നുമടുത്തിടെയെത്തിയ
ഒട്ടകമാദ്യമെടുത്തു പണം.
കൊക്കും കുയിലും
മയിലും കാക്കയും
ഒക്കെക്കൂടി നിരനിരയായ്
മൂങ്ങച്ചാരുടെ കാവലിലാണ്
കാശു നിറച്ച എ.ടി.എം.
സൂത്രക്കാരൻ കുറുക്കച്ചൻ
രാത്രിയിലെത്തി കവർച്ചക്ക്
മൂങ്ങച്ചാരുടെ മൂം മൂം മൂളലിൽ
പാടെ വിരണ്ടവനോടിപ്പോയ്!

✦



# സ്വരമേളം

സുദർശനൻ കൈനകരി

മദ്ദളമെത്തി തിത്തിത്തൈ
തദ്ധിമി തദ്ധിമി തികൃതത്തോം
ചെണ്ടകളെത്തി തിത്തിത്തൈ
ഡിണ്ടം ഡിണ്ടം ഡിണ്ടിണ്ടം
കുഴലുകളെത്തി തിത്തിത്തൈ
പെപ്പര പെപ്പര പെപ്പപ്പെ
തബലകളെത്തി തിത്തിത്തൈ
തരികിട തരികിട തികൃതത്തോം
കൈമണിയെത്തി തിത്തിത്തൈ
ജിഞ്ചം ജിഞ്ചം ജിഞ്ചിഞ്ചം
ചേങ്കിലയെത്തി തിത്തിത്തൈ
ണേം ണേം ണേം ണേം ണേം
ഇമ്പം നൽകും വാദ്യങ്ങൾ
ഒന്നിച്ചപ്പോൾ സ്വരമേളം!

✦

